# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7756

15.07.2014-ലെ മറുപടിക്ക്

## കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| ജയിലുകളിലും കോടതികളിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നതു സംബന്ധിച്ച് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ? | ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇതിനകം സ്ഥാപിച്ചിട്ടുള്ള, അഞ്ചു ജില്ലകളിലെ ജയിലുകളിലെയും നിലവിലുള്ള അപാകതകൾ പരിഹരിച്ച്, സംവിധാനം പൂർണമായും പ്രവർത്തനക്ഷമമാക്കുന്നതിനും ശേഷിച്ച 9 ജില്ലകളിലെ ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പുതുതായി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി, നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ